എൻ. സി. ഡി. സി.-യുടെ സഹായത്തോടുകൂടിയുള്ള പദ്ധതികൾ

*12 [912] ശ്രീ. വി. ചെന്താമരാക്ഷൻ:
,, കോടിയേരി ബാലകൃഷ്ണൻ:
,, കെ. വി. കുഞ്ഞിരാമൻ:
,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ പ്രവർത്തനം പുതിയ സേവന മേഖലകളിലേയ്ക്ക് വിപുലീകരിക്കാനായി എൻ. സി. ഡി. സി.-യുടെ സഹായത്തോടുകൂടിയുള്ള പദ്ധതികൾ വല്ലതും ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിലത് സംബന്ധിച്ച് വിശദമാക്കുമോ;

(സി) എൻ. സി. ഡി. സി. അതിന്റെ വായ്പാ പദ്ധതികൾ ഏതെല്ലാം മേഖലകളിലേക്ക് വിപുലീകരിക്കുകയുണ്ടായിട്ടുണ്ട്;

(ഡി) മുൻവർഷം സഹകരണ മേഖലയിൽ എൻ. സി. ഡി. സി. എന്തുതുകയുടെ വായ്പ ലഭ്യമാക്കുകയുണ്ടായി;

(ഇ) ഈ വർഷം എത്ര കോടിയുടെ പദ്ധതികൾ സർക്കാർ സമർപ്പിച്ചിട്ടുണ്ട്;

(എഫ്) ഇതിൽ പുതിയ സേവന മേഖലാ സംരംഭങ്ങൾ ഏതൊക്കെയാണ്?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ഇപ്പോൾ ആവിഷ്കരിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) സേവനമേഖലയിലെ സഹകരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് എൻ. സി. ഡി. സി. ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി എൻ. സി. ഡി. സി. ആക്ട് ഭേദഗതി ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനം പ്രതീക്ഷിക്കുന്നു..

(ഡി) മുൻവർഷം എൻ. സി. ഡി. സി.-യിൽ നിന്നും സഹകരണ വകുപ്പു മുഖേന ലഭിച്ച വായ്പ 39.75 കോടി രൂപയാണ്.

(ഇ) ഈ വർഷം ആകെ 103.96 കോടി രൂപയുടെ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലാണ്.

(എഫ്) ഇതിൽ പുതിയ സേവന മേഖലാ സംരംഭങ്ങൾക്കുള്ള വായ്പകളൊന്നും ഉൾപ്പെടുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly